മലയാള മനോരമ

28 August 2026



സെയ്ഷെൽസ് ഫിഷറീസ്, കാർഷിക, ബ്ലൂ ഇക്കോണമി മന്ത്രി വാലസ് കോസ്ഗ്രോയുടെ നേതൃത്വത്തിലുള്ള സംഘം കൊച്ചി സിഎംഎഫ്ആർഐയിലെ മറൈൻ അക്വേറിയം സന്ദർശിക്കുന്നു. ഡോ. ഗ്രിൻസൺ ജോർജ് സമീപം.

# സീഷെൽസിലെ പ്രതിനിധിസംഘം ഫിഷറീസ് ഗവേഷണ സ്ഥാപനങ്ങൾ സന്ദർശിച്ചു

**കൊച്ചി ●** സമുദ്രമത്സ്യ ഗവേഷണ, സുസ്ഥിര മത്സ്യബന്ധന മേഖലകളിൽ ഇന്ത്യയുമായി സഹകരണം ഉറപ്പാക്കുന്നതിന്റെ ഭാഗമായി സീഷെൽസിൽ നിന്നുള്ള ഉന്നതതല പ്രതിനിധിസംഘം ഫിഷറീസ് ഗവേഷണ സ്ഥാപനങ്ങളായ സിഎംഎഫ്ആർഐ, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (സിഫ്റ്റ്) എന്നിവിടങ്ങൾ സന്ദർശിച്ചു. എട്ടംഗ സംഘത്തിനു സീഷെൽസിലെ ഫിഷറീസ്- കൃഷി- ബ്ലൂ ഇക്കോണമി മന്ത്രി വാലസ് കോസ്ഗ്രോ നേതൃത്വം നൽകി. കാർഷിക അനുബന്ധ മേഖലകളിൽ സഹകരണം ലക്ഷ്യമിട്ട് കേന്ദ്ര സർക്കാർ, ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ എന്നിവരുമായി ധാരണാപത്രം ഒപ്പിട്ടതായി വാലസ് കോസ്ഗ്രോ വ്യക്തമാക്കി.

സിഎംഎഫ്ആർഐയിലെ സന്ദർശന വേളയിൽ കാലാവസ്ഥാ പഠനങ്ങൾ, ഫിഷ് സ്റ്റോക് അസസ്മെന്റ്, കടൽ പായലിൽ നിന്നുള്ള മൂല്യവർധിത ഉൽപാദനം, അലങ്കാരമത്സ്യ പ്രജനനം, ട്യൂണ മത്സ്യബന്ധനം, മാരികൾച്ചർ മേഖലകളിലെ സാങ്കേതിക വിദ്യകളും ഗവേഷണ പ്രവർത്തനങ്ങളും പ്രതിനിധി സംഘം വിലയിരുത്തി. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് സ്ഥാപനത്തിന്റെ ഗവേഷണ പുരോഗതികളും സാങ്കേതിക നേട്ടങ്ങളും വിശദീകരിച്ചു. സിഎംഎഫ്ആർഐ ശാസ്ത്രജ്ഞരും വകുപ്പ് മേധാവികളും ചർച്ചയിൽ പങ്കെടുത്തു.

അതേസമയം, സിഫ്റ്റിലെ സന്ദർശന വേളയിൽ മത്സ്യബന്ധന സാങ്കേതികവിദ്യകൾ, മത്സ്യസംസ്കരണം, ഗുണനിലവാരം ഉറപ്പാക്കൽ തുടങ്ങിയ മേഖലകളിലെ പ്രവർത്തനങ്ങൾ പ്രതിനിധിസംഘം വിലയിരുത്തി. മത്സ്യബന്ധന സംവിധാനങ്ങളുടെ രൂപകൽപനയും വികസനവും, മത്സ്യ സംസ്കരണം, ഗുണനിലവാര ഉറപ്പാക്കൽ തുടങ്ങി മേഖലകളിൽ സ്ഥാപനത്തിന്റെ സാങ്കേതിക ശേഷിയും വൈദഗ്ധ്യവും സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ വിശദീകരിച്ചു.